LIBRARY ARCHIVES Kerala Legislative Assembly

ധർമ്മടത്തെ തീരദേശ റോഡുകൾ

147 (2966) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ധർമ്മടം നിയോജക മണ്ഡലത്തിലെ തീരദേശ റോഡുകൾ വീതികൂട്ടി ഗതാഗത യോഗ്യമാക്കുന്നതിന് നിർദ്ദേശങ്ങൾ നിലവിലുണ്ടോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

ധർമ്മടം മണ്ഡലത്തിലെ മുഴപ്പിലങ്ങാട് കളം ബസാർ ബീച്ച് റോഡ് വീതികൂട്ടി പുനരുദ്ധാരണം നടത്തുന്ന പ്രവൃത്തിയുടെ എസ്റ്റിമേറ്റ് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിൽനിന്നും ലഭ്യമായാലുടൻ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ഭരണാനുമതി നൽകുന്ന കാര്യം പരിശോധിക്കുന്നതാണ്.

അപകടങ്ങളിൽപ്പെടുന്ന മത്സ്യത്തൊഴിലാളികളുടെ രക്ഷയ്ക്കായി രക്ഷാബോട്ട്

148 (2967) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊയിലാണ്ടി-വടകര ഭാഗങ്ങളിലെ കടലിൽ അപകടങ്ങളിൽപ്പെടുന്ന മത്സ്യത്തൊഴിലാളികളുടെ രക്ഷയ്ക്കായി ബേപ്പൂർ ബേസിൽനിന്നും രക്ഷാബോട്ട് അയയ്ക്കുന്നത് പ്രായോഗികമല്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഈ പ്രശ്നം പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) 2012 മുതൽ കൊയിലാണ്ടി-വടകര (ചോമ്പാല ഹാർബർ) എന്നിവിടങ്ങളിലെ കടൽരക്ഷാ പ്രവർത്തനങ്ങൾക്കും പട്രോളിംഗിനുമായി മൺസൂൺ/ ട്രോൾബാൻ കാലയളവിൽ ഒരു വാടക ബോട്ട് കൊയിലാണ്ടി കേന്ദ്രീകരിച്ചും ഒരു ഒ.ബി.എം. ഘടിപ്പിച്ച തോണി ചോമ്പാല കേന്ദ്രീകരിച്ചും പ്രവർത്തിച്ചുവരുന്നുണ്ട്. എന്നാൽ മറ്റ് കാലയളവിൽ കൊയിലാണ്ടി, ചോമ്പാൽ ഭാഗങ്ങളിൽ രക്ഷാപ്രവർത്തനം നടത്തുന്നതിന് ബേപ്പൂർ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന രക്ഷാബോട്ടാണ് ഉപയോഗിക്കുന്നത്. ബേപ്പൂരിൽനിന്നും ചോമ്പാൽവരെ ബോട്ട് എത്തുന്നതിന് നാലര മണിക്കൂർ സമയമെടുക്കുന്നതുകൊണ്ടുള്ള കാലതാമസം രക്ഷാപ്രവർത്തനത്തിനും ഉണ്ടാകാറുണ്ട്.

(ബി) പ്രശ്നം പരിഹരിക്കുന്ന വിഷയം പരിശോധിക്കുന്നതാണ്.